# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5102 | 24.10.2011-ലെ മറുപടിക്ക് |
|---|---|

**ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മാനസികാരോഗ്യ ചികിത്സ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇംഹാൻസിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മാനസികാരോഗ്യ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) പ്രസ്തുത സെന്ററിൽ എത്തിച്ചേരുന്ന രോഗികൾക്കുവേണ്ടി ആഴ്ചയിൽ ഒരു ദിവസം മാനോരോഗ ചികിത്സകന്റെ സേവനം ലഭ്യമാക്കാമോ; | ബി) ഒരു സൈക്യാട്രിസ്റ്റ്, ഒരു മെഡിക്കൽ ഓഫീസർ, ഒരു ഫാർമസിസ്റ്റ്, ഒരു സോഷ്യൽ വർക്കർ എന്നിവരടങ്ങിയ മനോരോഗ ചികിൽസാ ടീം കോഴിക്കോട് ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ്) -ൽ നിന്നും ഇവിടെയെത്തി മാസത്തിൽ മൂന്നു ദിവസം (രണ്ടു ചൊവ്വാഴ്ചയും ഒരു വെള്ളിയാഴ്ചയും) മനോരോഗ ചികിൽസാ ക്ലിനിക് നടത്തുന്നുണ്ട്. |
| സി) അതിനു തടസ്സമുണ്ടെങ്കിൽ സേവന സന്നദ്ധരായ റിട്ടയർ ചെയ്ത സർക്കാർ ഡോക്ടർമാർക്ക് യാത്രാബത്ത നൽകാൻ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകുമോ? | സി) മാസത്തിൽ മൂന്ന് ദിവസം സേവനം ലഭ്യമാക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണനാർഹമല്ല. |

സെക്ഷൻ ഓഫീസർ